"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ്- കൊല്ലം തുറമുഖത്തെ LHM 120 ലീബർ ക്രയിനിന്റെ AMC വിസിറ്റ് പ്രകാരമുള്ള സ്പെയർ പാർട്സ് വാങ്ങുന്നതിന് ഭരണാനുമതി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.433/2025/F&P തീയതി,തിരുവനന്തപുരം, 19-06-2025

---

പരാമർശം:- കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 2/6/2025 ലെ HOKMB-TVM/920/2023-D1 (Tech) നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം തുറമുഖത്തെ LHM 120 ലിബർ ക്രെയിനിന്റെ AMC എഗ്രിമെന്റ് പ്രകാരമുള്ള രണ്ടാം വർഷത്തെ മൂന്നാമത് Quarterly സർവീസ് വിസിറ്റ് M/s Liebherr India Pvt Ltd, Navi Mumbai എന്ന സ്ഥാപനത്തിൽ നിന്നുമുള്ള സർവീസ് എഞ്ചിനീയർ, നടത്തിയതിന്റെ (10/03/2025 to 15/03/2025) ഭാഗമായി ക്രെയിനിന്റെ 1, 3 നമ്പർ സപ്പോർട്ട് സിലിണ്ടറുകൾ ഉയർത്താൻ കഴിയാതെ വാണിംഗ് മെസ്സേജുകൾ കാണിച്ച തകരാർ താൽക്കാലികമായി പരിഹരിച്ചെങ്കിലും സപ്പോർട്ട് സിലിണ്ടറുകളിലെ (1 & 3 ) പ്രെഷർ സിച്ചുകൾ തകരാറിലായതിനാൽ ക്രെയിൻ പൂർണമായി പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞില്ലെന്നും കൂടാതെ ടി centralised lubrication system grease line, strut cylinder permission valve എന്നിവ തകാറിലാണെന്നും ടി സ്പെയർ പാർട്സുകൾ ക്രെയിനിന്റെ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമായതിനാൽ, അടുത്തതായി വരുന്ന AMC സർവ്വീസ് നടത്തുന്നതിനായി കൊല്ലം തുറമുഖ ഓഫീസർ ലഭ്യമാക്കിയ M/s Liebheer India Pvt Ltd , Navi Mumbai എന്ന സ്ഥാപനത്തിന്റെ ₹ 3,41,963/- രൂപയുടെ (മൂന്നു ലക്ഷത്തി നാല്പത്തി ഒന്നായിരത്തി തൊള്ളായിരത്തി അറുപത്തി മൂന്ന് രൂപ മാത്രം) ക്വട്ടേഷൻ അംഗീകരിച്ച് ഭരണാനുമതി "5051- 80-800-98 Augmentation of workshop & stores organisation 19-machinery and equipment എന്ന ശീർഷകത്തിൽ കൊല്ലം തുറമുഖ ഓഫീസർക്ക് അനുവദിക്കണമെന്ന് കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കൊല്ലം തുറമുഖത്തെ LHM 120 ലീബർ ക്രയിനിന്റെ അടുത്തതായി വരുന്ന AMC സർവ്വീസ്

നടത്തുന്നതിന് **M/s Liebheer India Pvt Ltd , Navi Mumbai** എന്ന സ്ഥാപനത്തിന്റെ ₹ **3,41,963/-** രൂപയുടെ (മൂന്നു ലക്ഷത്തി നാല്പത്തി ഒന്നായിരത്തി തൊള്ളായിരത്തി അറുപത്തി മൂന്ന് രൂപ മാത്രം) ക്വട്ടേഷൻ അംഗീകരിച്ച് ഭരണാനുമതി "**5051- 80-800-98 Augmentation of workshop & stores organisation 19-machinery and equipment** എന്ന ശീർഷകത്തിൽ കൊല്ലം തുറമുഖ ഓഫീസർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു വി കെ
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,കേരളമാരിടൈംബോർഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ),കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Anitha R S
Date: 20-06-2025 12:05:45
സെക്ഷൻ ഓഫീസർ